



# കിക്ക് ഡ്രഗ്സ്

## കളികളോട് യെസ് പറയാം

**റോഡ് ഷോ . പ്രചാരണം . മാതൃകകൾ . ടാസ്ക്ഫോഴ്സ്**

റോഡ് ഷോ മെയ് 05 മുതൽ 22 വരെ

കാസറഗോഡ് - തൃശൂർ,

തിരുവനന്തപുരം - എറണാകുളം

കായികക്ഷമതാ മിഷൻ | കായിക വകുപ്പ് | കേരള സർക്കാർ



**ബഹുമാന്യരേ,**

കേരളത്തിന്റെ സാമൂഹ്യ രംഗം അസാധാരണമായ ഒരു പ്രതിസന്ധിയെ നേരിടുകയാണ്. അതിന്റെ ആഴവും വ്യപ്തിയും നമ്മെ ഭീതിപ്പെടുത്തുന്നതുമാണ്. ഡിജിറ്റൽ വ്യാപനം, സാമൂഹ്യമാധ്യമ സ്വാധീനം തുടങ്ങിയ നിരവധി കാരണങ്ങൾ അതിന് പിന്നിൽ ഉണ്ട്. മറുഭാഗത്ത് ലഹരിയിലേക്ക് കൗമാരക്കാരും യുവാക്കളും പെട്ടെന്ന് വഴുതി വീഴുന്നു. അതാകട്ടെ നിയന്ത്രണാതീതമായിക്കഴിഞ്ഞു. കാരണങ്ങൾ കണ്ടെത്താൻ നിരവധി പഠനങ്ങൾ സർക്കാർ മുൻകൈയിലും അല്ലാതെയും നടന്നു വരുന്നു.

പരിഹാരമാർഗങ്ങളെക്കുറിച്ചുള്ള ചർച്ചകളും സജീവമാണ്. കൗമാരക്കാർക്കും യുവാക്കൾക്കും തങ്ങളുടെ ഊർജം വിനിയോഗിക്കാൻ കഴിയുന്ന അതേസമയം അവർക്ക് ആവേശവും സന്തോഷവും നൽകുന്ന വഴികളിലേക്ക് തിരിച്ചുവിടുക മാത്രമാണ് ഒരു പരിഹാരമാർഗം എന്ന തിരിച്ചറിവ് വ്യാപകമായി. കളിക്കളങ്ങളിലേക്ക് കുട്ടികളെ മടക്കിക്കൊണ്ടുവരണമെന്ന ആശയത്തോട് എല്ലാവരും യോജിക്കുന്നു. ഒരു തിരിച്ചു പിടുത്തം  തുടങ്ങാൻ നമുക്ക് കളിക്കളങ്ങളാണ് ഏറ്റവും മികച്ചത് എന്ന ബോധ്യവും പരക്കെ രൂപപ്പെട്ടു.

മനുഷ്യർക്ക് ജീവിതത്തോട് ലഹരി വേണം. ജീവിതാസക്തി വേണം. ജീവിതത്തോട് അടങ്ങാത്ത അഭിനിവേശം ഉണ്ടാകണം. അതിലേക്കുള്ള ഒരു എളിയ ചുവടുവയ്പാണ് ഈ റോഡ്ഷോയും അനുബന്ധ പ്രചാരണ പരിപാടികളും. ഈ പരിപാടി വിജയമാക്കാനും ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ അണിചേരാനും നമുക്ക് കൈകോർക്കാം.

**സ്നേഹാദരങ്ങളോടെ,**
**വി അബ്ദുറഹിമാൻ**
കായിക വകുപ്പ് മന്ത്രി



# റോഡ്ഷോ റൂട്ട്മാപ്പ്

KICK DRUGS
SAY YES TO SPORTS




**05.05.2025 : തിങ്കൾ**
**കാസർഗോഡ് സംസ്ഥാനതല ഉദ്ഘാടനം**
കാസർഗോഡ് | കാഞ്ഞങ്ങാട് | ചെറുവത്തൂർ

**06.05.2025 : ചൊവ്വ**
**കണ്ണൂർ**
പയ്യന്നൂർ | കണ്ണൂർ

**07.05.2025 : ബുധൻ**
**വയനാട്**
മാനന്തവാടി | ബത്തേരി | കല്പറ്റ

**08.05.2025 : വ്യാഴം**
**കോഴിക്കാട്**
മുക്കം | കുന്നമംഗലം
| കോഴിക്കോട്

**09.05.2025 : വെള്ളി**
**പാലക്കാട്**
പാലക്കാട് | ഒറ്റപ്പാലം |
ഷൊർണ്ണൂർ

**10.05.2025 : ശനി**
**മലപ്പുറം**
കാലിക്കറ്റ് യൂണിവേഴ്സിറ്റി |
തിരൂർ | പെരുന്തൽമണ്ണ

**21.05.2025 : ബുധൻ**
**ഇടുക്കി**
നെടുങ്കം
ചെറുതോണി
തൊടുപുഴ

**12.05.2025 : തിങ്കൾ**
**തൃശ്ശൂർ**
വടക്കാഞ്ചേരി | തൃശ്ശൂർ

**22.05.2025 : വ്യാഴം**
**എറണാകുളം**
കുന്നത്തുനാട് (കോലഞ്ചേരി)
എറണാകുളം – മറൈൻ ഡ്രൈവ്
– സംസ്ഥാനതല സമാപനം

**19.05.2025 : തിങ്കൾ**
**കോട്ടയം**
ഏറ്റുമാനൂർ
പാലാ
കോട്ടയം

**17.05.2025 : ശനി**
**ആലപ്പുഴ**
ചെങ്ങന്നൂർ | ആലപ്പുഴ | മുഹമ്മ

**16.05.2025 : വെള്ളി**
**പത്തനംതിട്ട**
അടൂർ | തിരുവല്ല |
പത്തനംതിട്ട

**15.05.2025 : വ്യാഴം**
**കൊല്ലം**
പാരിപ്പള്ളി | കൊല്ലം | കൊട്ടാരക്കര

**14.05.2025 : ബുധൻ**
**തിരുവനന്തപുരം**
നെയ്യാറ്റിൻകര | തിരുവനന്തപുരം | ആറ്റിങ്ങൽ

# നാടുണർത്തി കായികക്ഷമതാ യാത്ര

KICK DRUGS
SAY YES TO SPORTS

- 20 ദിവസങ്ങൾ
- മുഴുവൻ ജില്ലകളിലൂടെയും കടന്നുപോകുന്നു
- എല്ലാ ജില്ലകളിലും മാരത്തണുകൾ
- എറണാകുളത്ത് മെഗാ മാരത്തൺ
- സൈക്ലത്തോൺ
- ആയോധന കലാ പ്രകടനങ്ങൾ
- സ്കേറ്റിങ്
- കായിക പ്രകടനങ്ങൾ
- മാസ് ഡ്രില്ലുകൾ
- സുംബാ നൃത്തം
- ഫ്ളാഷ് മോബുകൾ
- ഇ സ്പോർട്സ് സോൺ
- തീം മ്യൂസിക്
- ജീവിത ലഹരി ഗാനം






## വീണ്ടെടുക്കാം

- കളിക്കളങ്ങൾ
- നീന്തൽ കുളങ്ങൾ, ജലാശയങ്ങൾ
- നടപ്പാതകൾ
- സൈക്കിൾ ട്രാക്കുകൾ
- വീട്ടുമുറ്റങ്ങൾ
- അകത്തളങ്ങൾ

**അവയൊക്കെയും**
**നമുക്ക് കളികളുടെ ഇടങ്ങളാക്കാം**

**റോഡ് ഷോയിൽ രജിസ്റ്റർ ചെയ്യുവാൻ**
**www.keralakayikakshamathamission.com**